◆ ലേഖനം

ടി.വി മുഹമ്മദലി

# രാജാ സാഹിബിന്റെ പിന്തുണ

**ചാവക്കാട്** മേഖല ഇസ്‌ലാമിക സംരംഭങ്ങൾക്ക് എന്നും മുന്നിൽ നിന്നിട്ടുണ്ട്. ചാവക്കാട്, മണത്തല, പാടൂർ, എടക്കഴിയൂർ എന്നിവിടങ്ങളിലെ പള്ളി ദർസുകൾ പ്രസിദ്ധങ്ങളായിരുന്നു. അനവധി മറുനാട്ടുകാർ ഈ ദർസുകളിൽ പഠനം നടത്തിയിട്ടുണ്ട്. നാട്ടുകാർ ഈ ദർസുകൾ വേണ്ടവിധം ഉപയോഗപ്പെടുത്തുകയുണ്ടായില്ല. എങ്കിലും ചില പ്രഗത്ഭ പണ്ഡിതന്മാർ ഇവിടെയും ജന്മമെടുക്കുകയുണ്ടായി. ഫറോക്ക് റൗദത്തുൽ ഉലൂം അറബിക്കോളേജ് മുൻ പ്രിൻസിപ്പൽ സി.പി അബൂബക്കർ മൗലവി, ഫാറൂഖ് കോളേജ് മുൻ പ്രിൻസിപ്പൽ പ്രഫ. വി. മുഹമ്മദ് സാഹിബ് എന്നിവർ ഉദാഹരണം.

മുതുവട്ടൂർ കേന്ദ്രീകരിച്ചാണ് ഈ മേഖലയിലെ പരിഷ്കരണ-സമുദ്ധാരണ സംരംഭങ്ങൾക്ക് തുടക്കം. രാജാ അബ്ദുൽ ഖാദിർ സാഹിബിന്റെ സഹകരണമാണ് ഇതിലെ പ്രധാന ഘടകം. മുസ്‌ലിം പണ്ഡിതന്മാരുമായും നേതാക്കളുമായും നല്ല ബന്ധമായിരുന്നു അദ്ദേഹത്തിന്. ഇസ്‌ലാമിക സംരംഭങ്ങൾക്ക് കലവറ ഇല്ലാതെ സാമ്പത്തികസഹായം ചെയ്തുകൊണ്ടിരുന്നു. ഫാറൂഖ് കോളേജ്, ശാന്തപുരം ഇസ്‌ലാമിയാ കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് അദ്ദേഹം വളരെ വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. എവിടെയും പള്ളിനിർമാണത്തിന് ആളുകൾ അദ്ദേഹത്തെയാണ് സമീപിക്കുക. പിരിഞ്ഞുകിട്ടിയ പണം ആളുകൾ അദ്ദേഹത്തെ ഏൽപിക്കും. അദ്ദേഹം പള്ളിപ്പണി പൂർത്തീകരിച്ചുകൊടുക്കുകയും ചെയ്യും. ജമാഅത്ത് നേതാക്കളായ ഹാജി സാഹിബ്, കെ.സി അബ്ദുല്ല മൗലവി, ഇസ്സുദ്ദീൻ മൗലവി, എ.കെ. അബ്ദുൽ ഖാദിർ മൗലവി, കെ. അബ്ദുസ്സലാം മൗലവി എന്നിവർ രാജാ സാഹിബുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരുന്നു.

**വി.**കെ ഉമർ സാഹിബ് *പ്രബോധന*വും ജമാഅത്ത് കൃതികളും മുതുവട്ടൂരിൽ പലരെക്കൊണ്ടും വായിപ്പിച്ചുകൊണ്ടിരുന്നു. സോപ്പ് നിർമാണവും വിതരണവുമായിരുന്നു അദ്ദേഹത്തിന്റെ ജോലി. ജോലിയുടെ ഭാഗമായ യാത്രയിൽ മലബാറിൽനിന്ന് ഹാജി സാഹിബുമായി ബന്ധപ്പെട്ടാണ് അദ്ദേഹം ജമാഅത്തിനെ ഉൾക്കൊള്ളുന്നത്. ഉമർ സാഹിബിന്റെ പ്രവർത്തനം വഴി മുതുവട്ടൂർ മദ്റസയിലെ പ്രധാനാധ്യാപകൻ കടപ്പുറം ബുഖാരി മുസ്‌ലിയാരുടെ മകൻ മുഹമ്മദ് മൗലവി നാസിമായി മുതുവട്ടൂരിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ഘടകം രൂപീകൃതമായി. അമ്പതുകളുടെ ഒടുവിലാണത്. മദ്റസാധ്യാപകൻ മൂസ മൗലവി, ബീഡിത്തൊഴിലാളികളായിരുന്ന ആർ.വി കുഞ്ഞുമോൻ, ഇബ്റാഹീം കുട്ടി തുടങ്ങിയവരായിരുന്നു തുടക്കക്കാർ.

മുതുവട്ടൂർ പള്ളി ഖത്വീബും നാട്ടുകാരനുമായ പരീതു മുസ്‌ലിയാരുടെ മരണം, മദ്റസാ പ്രധാനാധ്യാപകൻ മുഹമ്മദ് മൗലവിയുടെ മരണം എന്നിവയെത്തുടർന്നാണ് മമ്പാട് കെ.സി പൂക്കോയ തങ്ങൾ ഖത്വീബും സ്വദർ മുഅല്ലിമുമായി നിയമിതനാകുന്നത്. ജമാഅത്തംഗമായിരുന്നു അദ്ദേഹം. ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽനിന്ന് പഠിച്ച് പുറത്തിറങ്ങിയവരും അധ്യാപകരായി ഇവിടെ നിയമിതരായി. ഇതോടെ ജമാഅത്ത് പ്രവർത്തനം ശക്തവും വ്യാപകവുമായി. ചാവക്കാട് ഫർഖാ കേന്ദ്രം മുതുവട്ടൂരിലായി. കൺവീനർ പൂക്കോയ തങ്ങളും. മുതുവട്ടൂരിൽ പ്രവർത്തിച്ചിരുന്ന ചാവക്കാട് ഹംദർദ് ഹൽഖയിൽ പരിസര പ്രദേശങ്ങളിൽനിന്നുള്ളവരെല്ലാം പങ്കെടുത്തിരുന്നു. ക്രമേണ പരിസരങ്ങളിലെല്ലാം ഹൽഖകളുണ്ടായി. ജമാഅത്ത് നേതൃത്വം നൽകിക്കൊണ്ട് മുതുവട്ടൂരിൽ ബോർഡിംഗ് മദ്റസ സ്ഥാപിതമായി. 1968-ൽ ചാവക്കാട് ഫർഖക്ക് കീഴിൽ ഒരു സ്ഥാപനം വേണമെന്ന ആലോചനയിൽനിന്നാണ് പെരുമ്പിലാവ് അൻസാർ സ്കൂൾ ഉണ്ടാകുന്നത്. കടപ്പുറം എ.വി അബ്ദുൽ മജീദ് സാഹിബിന്റെ നേതൃത്വത്തിൽ അൻസാർ ചാരിറ്റബ്ൾ ട്രസ്റ്റ് രൂപീകരിക്കുകയും പിന്നീട് അബുൽ ജലാൽ മൗലവിയുടെ നേതൃത്വത്തിൽ അൻസാർ വളർന്നു വികസിക്കുകയും ചെയ്തു.

**ചാ**വക്കാട്ട് ഇസ്‌ലാമിക് സ്റ്റഡി സർക്കിളിന്റെ ആഭിമുഖ്യത്തിൽ അറുപതുകളിൽ വിപുലമായ ഇസ്‌ലാമിക ബോധവത്കരണ പരിപാടികൾ നടന്നിട്ടുണ്ട്. എടുത്തുപറയത്തക്ക പ്രവർത്തനമാണ് ഏപ്രിൽ-മെയ് മാസങ്ങളിൽ ചാവക്കാട് നടത്തിയിരുന്ന വിദ്യാർഥി-യുവജന ക്യാമ്പുകൾ. നൂറുകണക്കിന് യുവജനങ്ങൾ പങ്കെടുക്കുന്ന ക്യാമ്പുകൾ ദിവസങ്ങൾ നീണ്ടുനിൽക്കും. പണ്ഡിതന്മാരുടെ ക്ലാസ്സുകൾക്ക് പുറമെ ഇസ്‌ലാമിക ജീവിതത്തിന്റെ മാതൃകയും ക്യാമ്പിൽനിന്ന് ലഭിച്ചിരുന്നു. വെക്കേഷൻ കാലത്ത് ഫറോക്കിൽനിന്ന് നാട്ടിലെത്തുന്ന പ്രഫ. വി. മുഹമ്മദ് സാഹിബ് രണ്ടു മാസക്കാലവും ഇസ്‌ലാമിക് സ്റ്റഡി സർക്കിളിന്റെ കീഴിലെ പ്രവർത്തനങ്ങളിൽ മുഴുകും. ക്യാമ്പിന്റെ സൂത്രധാരനും ലീഡറും അദ്ദേഹമായിരിക്കും. കേരളത്തിലെ മുതിർന്ന ജമാഅത്ത്, മുജാഹിദ് പണ്ഡിതന്മാരെല്ലാം ക്യാമ്പിൽ ക്ലാസ്സെടുക്കും. ചാവക്കാട് മേഖലയിൽ ഇസ്‌ലാമിക നവോത്ഥാനത്തിൽ ഈ ക്യാമ്പുകൾ നല്ല സ്വാധീനം ചെലുത്തിയിട്ടുണ്ട്. കേരളത്തിൽ വ്യാപകമായി നടത്തപ്പെട്ട ഇത്തരം ക്യാമ്പുകൾക്ക് തുടക്കം ചാവക്കാട്ടുനിന്നാണ്. ജമാഅത്തിന്റെ ആഭിമുഖ്യത്തിലെ സ്റ്റഡി സർക്കിൾ വഴി മഹല്ലുകളെ ഏകോപിപ്പിച്ചും മറ്റും ഒട്ടേറെ ബോധവത്കരണ പരിപാടികൾ നടന്നിട്ടുണ്ട്. പൗരപ്രമുഖരായ ആർ.വി അബ്ദുല്ലക്കുട്ടി, പുതുമനശ്ശേരി എ. കുഞ്ഞു മുഹമ്മദ്, കോഹിനൂർ മുഹമ്മദുണ്ണി, വി.കെ ഉസ്മാൻ, എം. കുഞ്ഞിമുഹമ്മദ് തുടങ്ങിയവരായിരുന്നു സ്റ്റഡി സർക്കിൾ പ്രവർത്തകർ. ജമാഅത്ത് യോഗത്തിൽ പങ്കെടുത്ത് തിരിച്ചുവരുമ്പോൾ ബൈക്കപകടത്തിൽ മരണപ്പെട്ട പി.സി അലിക്കുട്ടി സാഹിബായിരുന്നു സ്റ്റഡി സർക്ക്ൾ സെക്രട്ടറി.

**പ്ര**വർത്തനങ്ങൾ വ്യാപകമായതോടെ എതിർപ്പുകളും ശക്തിപ്പെട്ടു. മന്ദലാംകുന്നിൽ സംഘടിപ്പിച്ച ഒരു പൊതുപരിപാടി ചിലർ വേദിയിലേക്ക് ഇരച്ചുകയറി അലങ്കോലപ്പെടുത്തുകയുണ്ടായി. പ്രസംഗകനായ കെ.സി പൂക്കോയ തങ്ങൾക്കു നേരെ കൈയേറ്റത്തിന് മുതിർന്നു. തിരുവത്രയിൽ പൊതുയോഗത്തിൽ കല്ലേറും കൂക്കിവിളിയുമുണ്ടായി. മുതുവട്ടൂർ കേന്ദ്രീകരിച്ചു നടന്ന ഫർഖാ തർബിയത്ത് ക്യാമ്പിന്റെ സ്കോഡ് തിരുവത്രയിലെത്തിയപ്പോൾ സ്കോഡംഗങ്ങളെ മർദിച്ച് പുസ്തക

ങ്ങൾ പിടിച്ചുവാങ്ങി തിരിച്ചയച്ചു. കാസർകോട് ആലിയാ കോളേജിൽ പഠനം കഴിഞ്ഞ് മുതുവട്ടൂരിൽ അധ്യാപകനായി വന്ന കെ.കെ.എസ് തങ്ങൾ, വാടാനപ്പള്ളി ഹൽഖാ നാസിമായിരുന്ന അബ്ദുൽ ഗനി എന്നിവർക്കാണ് മർദനമേറ്റത്. ഈ സംഭവം മുതുവട്ടൂർ-തിരുവത്ര മഹല്ലുകൾ തമ്മിലുള്ള പ്രശ്നമായി മാറി. പിറ്റേന്നു തന്നെ ഇരു മഹല്ലുകളിലെയും പൊതുജനങ്ങളുടെ സാന്നിധ്യത്തിൽ പ്രഫ. വി. മുഹമ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ പ്രശ്നം ഒത്തുതീർന്നു. മർദിച്ചവർ മാപ്പ് പറഞ്ഞു. തിരുവത്ര മഹല്ല് ഭാരവാഹികളും ക്ഷമാപണം നടത്തി. മർദനം വളരെ കടുത്തതായിരുന്നു. കെ.കെ.എസ് തങ്ങൾക്ക് മരണം വരെയും മർദനത്തെത്തുടർന്നുള്ള ദേഹാസ്വാസ്ഥ്യമുണ്ടായിരുന്നു. 1969-ലായിരുന്നു സംഭവം.

ചാവക്കാട് മേഖലയിൽ മലയാളത്തിൽ ജുമുഅ ഖുത്ബ നടന്നിരുന്നത് മുതുവട്ടൂർ പള്ളിയിൽ മാത്രമായിരുന്നു, ഒരു വ്യാഴവട്ടം മുമ്പുവരെയും. ഇപ്പോൾ ചാവക്കാട് ടൗൺ, ഒരുമനയൂർ, തിരുവത്ര, അണ്ടത്തോട്, താമരയൂർ, കടപ്പുറം, ഗുരുവായൂർ, തൈക്കാട്, പാവറട്ടി എന്നിവിടങ്ങളിലെല്ലാം കേരള മസ്ജിദ് കൗൺസിലിന്റെ കീഴിൽ മാതൃഭാഷയിൽ ഖുത്ബ നടക്കുന്ന പള്ളികളുണ്ട്.

**ഇ**സ്ലാമികമായും വിദ്യാഭ്യാസപരമായും നിലവാരം പുലർത്തിയിരുന്ന കൊച്ചനൂരിൽ ഇസ്ലാമിക പ്രസ്ഥാനത്തിന് വലിയ പ്രതിബന്ധങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നില്ല. ഇവിടത്തെ ഗവ. മാപ്പിള സ്കൂളിന് നൂറിലേറെ വർഷത്തെ പഴക്കമുണ്ട്. മുസ്ലിം സ്ത്രീപുരുഷന്മാർ വിദ്യാഭ്യാസം നേടുന്നതിൽ ഉത്സുകരായിരുന്നു. വാഴക്കാട് ദാറുൽ ഉലൂമിൽനിന്ന് പഠിച്ച് മദ്രാസ് യൂനിവേഴ്സിറ്റിയിൽനിന്ന് അഫ്ദലുൽ ഉലമ പാസ്സായി വന്ന കൊച്ചനൂർ അലി മൗലവിയും പി. ബാപ്പു മാഷ്, പി.വി മുഹമ്മദ് മാഷ്, ടി.എം ഹൈദർ മാഷ് തുടങ്ങിയവരും ചേർന്നാണ് ഇസ്ലാമിക ബോധവത്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. നാൽപതുകളിൽതന്നെ കൊച്ചനൂർ ജുമാ മസ്ജിദിൽ അലി മൗലവിയും തുടർന്ന് മറ്റു ഖത്വീബുമാരും ജുമുഅ ഖുത്ബ മലയാളത്തിൽ നടത്തിക്കൊണ്ടിരുന്നു. ഹാജി സാഹിബ് കൊച്ചനൂരിൽ വന്ന് അലി മൗലവിയുമായി ബന്ധപ്പെടാറുണ്ടായിരുന്നു.

**ഇ**സ്ലാമിക ശിക്ഷണവും പ്രവർത്തനവും ലക്ഷ്യമിട്ട് 1955-ൽ തുടക്കമിട്ടതാണ് തർബിയത്തുൽ ഇസ്ലാം സംഘം. കക്ഷിഭേദമില്ലാതെ കൂട്ടായ സംരംഭമായിരുന്നു ഇത്. സംഘത്തിന്റെ പ്രവർത്തനം ജമാഅത്തെ ഇസ്ലാമിയുടെ ഘടകം രൂപീകരിക്കുന്നതിനും പ്രവർത്തനം തുടങ്ങുന്നതിനും അനുകൂല സാഹചര്യം സൃഷ്ടിച്ചു. 1959-ൽ കെ. മൊയ്തു മൗലവിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിലാണ് എ.പി ഹൈദർ നാസിമായും എം.എ കുഞ്ഞുമുഹമ്മദ്, മുഹമ്മദുണ്ണി ഹാജി തുടങ്ങിയവർ അംഗങ്ങളായും ജമാഅത്തെ ഇസ്ലാമി കൊച്ചനൂർ ഹംദർദ് ഹൽഖ രൂപീകരിച്ചത്. സമസ്ത, നദ്‌വത്ത്, മുജാഹിദ്, ജമാഅത്ത് വിഭാഗങ്ങൾ കൂട്ടായി സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടക്കാലത്ത് ഇസ്ലാമിക് വെൽഫെയർ അസോസിയേഷനും പ്രവർത്തിച്ചിരുന്നു.

**പു**ന്നയൂർകുളത്ത് ഇസ്ലാമിക പ്രസ്ഥാനവ്യാപനത്തിൽ മാനംകണ്ടത്ത് മമ്മി ഹാജിയുടെ സഹകരണം പ്രധാന ഘടകമാണ്. പ്രസ്ഥാന ഘടനയിൽ ചേർന്നില്ലെങ്കിലും അദ്ദേഹം പ്രവർത്തകർക്ക് രക്ഷാധികാരിയെപ്പോലെയായിരുന്നു. ജമാഅത്ത് നേതാക്കൾ വന്നാൽ അദ്ദേഹത്തിന്റെ വീട്ടിലാണ് ക്യാമ്പ്. ഫർഖാതല തർബിയത്ത് ക്യാമ്പുകൾക്ക് പ്രവർത്തകർക്കെല്ലാം ഭക്ഷണം അദ്ദേഹം വീട്ടിൽ ഏർപ്പെടുത്തും. മാത്രമല്ല, എല്ലാവർക്കും ഉറങ്ങാൻ അദ്ദേഹത്തിന്റെ വിശാലമായ വീട്ടിൽ സംവിധാനമൊരുക്കും. ഹൽഖാ, ഫർഖാ പരിപാടികൾക്ക് തറവാട്ടുവക എളമ്പിലങ്ങാട്ട് പള്ളി വിട്ടുതരികയും ചെയ്യും. പ്രസ്ഥാനാവശ്യങ്ങൾക്കും ശാന്തപുരം കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾക്കും അദ്ദേഹത്തിന്റെ സാമ്പത്തിക സഹായം നിർലോപമായിരുന്നു. മരണം വരെയും അദ്ദേഹം ഇസ്ലാമിക പ്രസ്ഥാനത്തിനുള്ള സഹകരണം തുടർന്നു.

മുഹമ്മദ് ഇബ്റാഹീം സാഹിബ് വഴിയാണ് പുന്നയൂർകുളത്ത് ജമാഅത്തെ ഇസ്ലാമിയുടെ പ്രവർത്തനത്തിന് തുടക്കം. അദ്ദേഹത്തിന്, അളിയൻ ഇബ്റാഹീം ഹാജിയാണ് ജമാഅത്തിനെ പരിചയപ്പെടുത്തിയത്. ഇദ്ദേഹമാകട്ടെ ബോംബെയിൽനിന്നാണ് പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. മുഹമ്മദ് ഇബ്റാഹീം, മൊയ്തുണ്ണി, പി.സി മൊയ്തുട്ടി, ഉമർ തുടങ്ങിയവരാണ് ഇവിടെ പ്രസ്ഥാന പ്രവർത്തനത്തിന്റെ തുടക്കക്കാർ. പിന്നീട് പി.സി മൊയ്തുട്ടി, അബ്ദുൽ ഖാദിർ മാസ്റ്റർ, മുഹമ്മദ് ഇബ്റാഹീം എന്നിവരുൾപ്പെട്ട പ്രാദേശിക ജമാഅത്ത് നിലവിൽവന്നു.

പുന്നയൂർകുളത്ത് ശക്തമായ എതിർപ്പുകൾ നേരിട്ടിട്ടുണ്ട്. ഇവിടെ. ടി.കെ അബ്ദുല്ല സാഹിബ് പ്രസംഗിച്ച ഒരു പരിപാടി സ്ഥലത്തെ റാത്തീബ് സംഘം അറബന മുട്ടി സ്റ്റേജിലേക്ക് വന്ന് അലങ്കോലപ്പെടുത്താൻ ശ്രമിച്ചു. പുഴിക്കളയിൽ ജമാഅത്ത് പരിപാടി മുടക്കാൻ റാത്തീബ് സംഘം അറബനയുമായി വരുന്നുവെന്ന് കേട്ടപ്പോൾ മുഹമ്മദ് ഇബ്റാഹീം സാഹിബിന്റെ പിതാവ് ബാവു സാഹിബ് (ഇദ്ദേഹം ജമാഅത്തുകാരനല്ല) ധീരമായി അവരെ നേരിട്ടത് കാരണമാണ് പരിപാടി നടത്താൻ കഴിഞ്ഞത്. ■

(തുടരും)

tvmohamedali@yahoo.com